# ബാങ്കു പലിശ എന്തുചെയ്യണം?

ഡോ. യൂസുഫുൽ ഖറദാവി

**ബാങ്കു പലിശയെക്കുറിച്ച് ഇസ്‌ലാമിന്റെ വിധിയെന്താണ്?**

ബാങ്ക് അക്കൗണ്ടിന്മേലുള്ള പലിശ നിഷിദ്ധമാണ്. കാരണം അത് ധനത്തിൽ അധ്വാനത്തിലൂടെയോ വ്യാപാരത്തിലൂടെയോ അല്ലാതെ ഉണ്ടാകുന്ന വർധനവാണ്. അല്ലാഹു പറയുന്നു: "ഓ സത്യവിശ്വാസികളേ, നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ. പലിശയിനത്തിൽ ജനങ്ങളിൽനിന്ന് നിങ്ങൾക്ക് കിട്ടാൻ ബാക്കിയുള്ളതൊക്കെയും ഉപേക്ഷിക്കുവിൻ- നിങ്ങൾ യഥാർഥ വിശ്വാസികൾതന്നെയാണെങ്കിൽ. നിങ്ങൾ അപ്രകാരം ചെയ്യുന്നില്ലെങ്കിലോ, അല്ലാഹുവിങ്കൽനിന്നും അവന്റെ ദൂതനിൽനിന്നും നിങ്ങൾക്കെതിരിൽ യുദ്ധപ്രഖ്യാപനമുണ്ടെന്നറിഞ്ഞുകൊള്ളുവിൻ. ഇനി പശ്ചാത്തപിക്കുക(പലിശ വർജിക്കുക)യാണെങ്കിൽ നിങ്ങൾക്ക് സ്വന്തം മൂലധനം തിരിച്ചെടുക്കാവുന്നതാകുന്നു; നിങ്ങൾ അക്രമം പ്രവർത്തിക്കാതെയും അക്രമിക്കപ്പെടാതെയും" (*അൽബഖറ* 278,279). മൂലധനം മാത്രം സ്വീകരിക്കുകയും അധ്വാനത്തിലൂടെയും സംരംഭങ്ങളിൽ നിക്ഷേപിക്കുന്നതിലൂടെയുമല്ലാതെ അധികമായി ലഭിക്കുന്നതെല്ലാം വർജിക്കുകയുമാണ് ഇവിടെ പശ്ചാത്താപം കൊണ്ട് ഉദ്ദേശിക്കുന്നത്.

ലാഭസാധ്യതയോടൊപ്പം നഷ്ടം പറ്റാനുള്ള അപകടസാധ്യത കൂടി ഏറ്റെടുക്കാതെ ധനം നിക്ഷേപിച്ച് അതിൽ ഒരു നിശ്ചിത വർധന കൈപ്പറ്റുന്നത് ഇസ്‌ലാം നിരോധിച്ചിരിക്കുന്നു. ലാഭ-നഷ്ട സാധ്യത പങ്കുവെച്ചുകൊണ്ട് ഒരു അക്കൗണ്ടിൽ നിക്ഷേപിക്കുന്നത് മാത്രമാണ് അനുവദനീയം.

പലിശ നിഷിദ്ധമാണ്. അതിന്റെ സകാത്ത് നൽകിയാലും ആ ധനം ശുദ്ധമാവുകയില്ല. എങ്കിൽ അത് എന്തു ചെയ്യണം? അത് സ്വീകരിക്കുകയാണോ ബാങ്കിനു തന്നെ കൊടുക്കുകയാണോ വേണ്ടത്?

നിക്ഷേപകൻ അത് തന്റെ ആവശ്യത്തിന് ഉപയോഗിക്കാതെയും ബാങ്കിന് വിട്ടുകൊടുക്കാതെയും പാവങ്ങൾക്ക് നൽകുകയോ ജീവകാരുണ്യ പദ്ധതികളിലോ ജീവകാരുണ്യ സംഘടനകളിലോ വിനിയോഗിക്കുകയുമാണ് വേണ്ടതെന്നാണ് എന്റെ വീക്ഷണം.

പലിശ ബാങ്കിന്റേതോ നിക്ഷേപകന്റേതോ അല്ല; പൊതുജനങ്ങളുടേതാണ്. അതിനാൽ അത് പൊതുവായ പദ്ധതികളിൽ വിനിയോഗിക്കണം. നിഷിദ്ധമായ സമ്പത്തിനെക്കുറിച്ച ഇസ്‌ലാമിന്റെ നിയമമാണിത്. നിഷിദ്ധ ധനത്തിന്റെ സകാത്ത് നൽകുന്നതുകൊണ്ട് അത് ശുദ്ധിയാവുകയില്ല. പലിശയിടപാട് നടത്തുന്ന ബാങ്കിന് പലിശ വിട്ടുകൊടുക്കുന്നത് അതിന് കൂടുതൽ ശക്തിപകരുകയാണ് ചെയ്യുക.

ബാങ്ക് പാപ്പരായി പ്രഖ്യാപിക്കപ്പെട്ടാൽ നിക്ഷേപിച്ച പണം നഷ്ടപ്പെടാനുള്ള സാധ്യതയുണ്ടല്ലോ എന്ന് ചിലർ വാദിച്ചേക്കാം. പക്ഷേ, അത് അപൂർവമാണ്. ഇസ്‌ലാമിലെ നിയമങ്ങൾ അപൂർവതകളുടെയും അപവാദങ്ങളുടെയും അടിസ്ഥാനത്തിലുള്ളവയല്ല. സാധാരണഗതിയിൽ, ബാങ്കിൽ നിക്ഷേപിക്കുന്നവരുടെ പണം നഷ്ടപ്പെടാറില്ല. നിക്ഷേപിച്ച പണം കൊണ്ട് ബാങ്ക് വ്യാപാരം നടത്തുന്നുണ്ടല്ലോ എന്നും ചിലർ വാദിക്കാം. ശരിയാണ്. പക്ഷേ, പണം നിക്ഷേപിക്കുമ്പോൾ നിക്ഷേപകൻ ബാങ്കുമായി വ്യാപാരകരാറിൽ ഏർപ്പെടുന്നില്ല. ബാങ്കിന് നഷ്ടം പറ്റുമ്പോഴും നിക്ഷേപകർ തങ്ങളുടെ പണം ആവശ്യപ്പെടാറുണ്ടു താനും. ബാങ്ക് അത് നിഷേധിക്കാറുമില്ല. പാപ്പരായി പ്രഖ്യാപിക്കപ്പെട്ട ശേഷം പോലും ബാങ്കുകൾ അത് തിരിച്ചുകൊടുക്കാറുണ്ട്. നഷ്ടത്തിൽ തങ്ങൾ കൂടി പങ്കാളികളാണെന്നും തങ്ങൾക്കും അതിൽ ഉത്തരവാദിത്വമുണ്ടെന്നും നിക്ഷേപകർ കരുതാറില്ല. ■

# ബാങ്കു പലിശ ദാനം ചെയ്യാമോ?

**ഡോ. മുസമ്മിൽ സിദ്ദീഖി,**
പ്രസിഡന്റ്, ഫിഖ്ഹ് കൗൺസിൽ ഓഫ് നോർത്ത് അമേരിക്ക

**എനിക്ക് ബാങ്ക് അക്കൗണ്ടുണ്ട്. ഞാൻ അതിന്റെ പലിശ സ്വീകരിക്കാറില്ല. പലിശ ബാങ്കിനുതന്നെ നൽകാതെ പാവപ്പെട്ടവർക്ക് ദാനമായി നൽകിയാലോ എന്ന് ആലോചിക്കുകയാണ് ഞാൻ. ബാങ്കു പലിശ സ്വദഖയായി നൽകുന്നത് അനുവദനീയമാണോ?**

നിഷിദ്ധ ധനം ദാനത്തിന് ഉപയോഗിച്ചുകൂടെന്നാണ് ഇസ്‌ലാമിലെ പൊതുനിയമം. അല്ലാഹു പറയുന്നു: "ഓ വിശ്വാസികളായവരേ, നിങ്ങൾ സമ്പാദിച്ചതിൽനിന്നും ഭൂമിയിൽനിന്ന് നാം

നിങ്ങൾക്ക് ഉൽപാദിപ്പിച്ചുതന്നതിൽനിന്നും നല്ലതിനെ ദൈവികസരണിയിൽ ചെലവഴിക്കുവിൻ. ആ മാർഗത്തിൽ വ്യയം ചെയ്യുന്നതിന് നിങ്ങൾ ചീത്തയായതുതന്നെ ചികഞ്ഞെടുക്കാൻ ശ്രമിക്കാതിരിക്കുക" (*അൽബഖറ* 267).

'അല്ലാഹു സദ്ഗുണനനാണ്. നല്ലതല്ലാതെ അവൻ സ്വീകരിക്കുകയില്ല' (മുസ്‌ലിം) എന്ന് നബി(സ)യും പറഞ്ഞിട്ടുണ്ട്.

എന്നാൽ ബാങ്ക് നൽകുന്ന പലിശ ദാനമായി നൽകുകയാണ് ചെയ്യേണ്ടത്. അതിനെ സകാത്തായി കണക്കാക്കിക്കൂടെന്നു മാത്രം. ഈജിപ്തിലെയും സുഊദി അറേബ്യയിലെയും ഇന്ത്യയിലെയും പാകിസ്താനിലെയും ധാരാളം പണ്ഡിതന്മാർ ഈ ഫത്‌വ നൽകിയിട്ടുണ്ട്. പൂർവിക പണ്ഡിതന്മാരും ഉടമസ്ഥൻ ആരെന്ന് അറിയാത്ത ധനം ദാനം ചെയ്യാൻ അനുവദിച്ചിരുന്നുവെന്ന് അൽ അസ്ഹർ സർവകലാശാലയുടെ മുൻ റെക്ടർ ശൈഖ് ജാദുൽ ഹഖ് അലി ജാദുൽ ഹഖ് ചൂണ്ടിക്കാട്ടിയിട്ടുണ്ട്. അതിന് തെളിവായി അവർ ഒരു സംഭവം ഉദ്ധരിച്ചിരിക്കുന്നു: ഒരിക്കൽ ആരോ പ്രവാചകന് ആട്ടിൻമാംസം നൽകി. അവിടുന്ന് അതിൽനിന്ന് ആദ്യം അൽപമെടുക്കുകയും പിന്നീടത് ഒഴിവാക്കുകയും ചെയ്ത ശേഷം പറഞ്ഞു: 'ഈ ആടിനെ ഉടമസ്ഥന്റെ അനുവാദമില്ലാതെ പിടിച്ചുകൊണ്ടുവന്നതാണെന്ന് എനിക്ക് തോന്നുന്നു'. തുടർന്ന് ആ മാംസം യുദ്ധത്തടവുകാർക്കിടയിൽ വിതരണം ചെയ്യാൻ നബി(സ) അവരോട് കൽപിച്ചു (അഹ്മദ്).

നിഷിദ്ധ ധനം ദാനധർമത്തിന് ഉപയോഗിക്കുന്നത് ശരിയല്ലെന്ന വാദം ഖണ്ഡിച്ച് ഇമാം ഗസ്സാലി ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്: "നാം അത് ദാനം ചെയ്യുന്നത് നമുക്ക് (ദാനത്തിന്റെ) പ്രതിഫലം ലഭിക്കാനല്ല, അത് നമ്മിൽനിന്ന് ഒഴിവായി കിട്ടാനാണ്. ഈ ധനം ഒന്നുകിൽ നശിപ്പിക്കുകയോ അല്ലെങ്കിൽ ആരെയെങ്കിലും സഹായിക്കാൻ ഉപയോഗിക്കുകയോ മാത്രമാണ് നമ്മുടെ മുമ്പിലുള്ള മാർഗം. അതിനാൽ അത് നശിപ്പിക്കുന്നതിനു പകരം അതു മുഖേന വല്ലവരെയും സഹായിക്കുന്നതിനാണ് നാം മുൻഗണന നൽകുന്നത്. നാം സ്വയം ഉപയോഗിക്കാൻ ഇഷ്ടപ്പെടാത്തത് എങ്ങനെയാണ് മറ്റുള്ളവർക്ക് നൽകുക എന്ന് ആരെങ്കിലും ചോദിക്കുകയാണെങ്കിൽ നാം അവരോട് പറയുന്നു: നമുക്ക് ആവശ്യമില്ലാത്തതിനാൽ നാം അതെടുക്കരുത്. എന്നാൽ പാവപ്പെട്ടവർക്ക് അത് ഉപയോഗിക്കാം. കാരണം അവർ ആവശ്യക്കാരാണ്" (ഉദ്ധരണം: *അൽ ബുഹൂസുവൽ ഫതാവാ*, പേജ് 284). ■

# പലിശപ്പണം കൊണ്ട് പള്ളി പണിയാമോ?

**ഡോ. മുൻദിർ കഹ്ഫ്**
ഇസ്‌ലാമിക് ഡെവലപ്മെന്റ് ബാങ്ക് ഗവേഷണ വിഭാഗം മുൻ അധ്യക്ഷൻ

**ഒരു സ്വത്തിടപാടിൽ എനിക്കൊരു സംഖ്യ ലഭിച്ചു. അത് പള്ളിനിർമാണത്തിന് സംഭാവന ചെയ്യാനാണ് ഞാൻ ഉദ്ദേശിച്ചിരുന്നത്. പക്ഷേ, ആ ധനം നിഷിദ്ധമായ പലിശയാണെന്ന് പിന്നീട് എനിക്ക് ബോധ്യമായി. ഞാനിനി എന്തു ചെയ്യണം?**

ഒരാൾക്ക് ലഭിക്കുന്ന പലിശയുടെ ഉടമസ്ഥത ഇസ്‌ലാമിക നിയമപ്രകാരം ആ വ്യക്തിക്കല്ല. പലിശ അതിന്റെ യഥാർഥ ഉടമസ്ഥനുതന്നെ തിരിച്ചു നൽകണമെന്നാണ് നിയമം. പക്ഷേ, ബാങ്കാണ് പലിശ നൽകുന്നതെങ്കിൽ അത് ബാങ്കിനു തന്നെ തിരിച്ചുനൽകരുത്. കാരണം അതു മുഖേന കൂടുതൽ അധാർമികമായ ഇടപാടുകൾ നടത്താൻ ബാങ്കിന് ശക്തിപകരുകയാണ് ചെയ്യുന്നത്. ബാങ്കിനുതന്നെ പലിശ തിരിച്ചു നൽകുന്നത് വിഡ്ഢിത്തവുമാണ്.

ബാങ്കുപലിശ ബാങ്കുകൾക്ക് തിരികെ നൽകരുതെന്നാണ് സമകാലിക പണ്ഡിതന്മാർ മുഴുവൻ നൽകിയിട്ടുള്ള ഫത്‌വ. 1994-ൽ കുവൈത്തിൽ നടന്ന ഇസ്‌ലാമിക ബാങ്കുകളുമായി ബന്ധപ്പെട്ട ശരീഅ നിയമങ്ങളെക്കുറിച്ച രണ്ടാം സമ്മേളനവും ഇക്കാര്യം അംഗീകരിക്കുകയുണ്ടായി. മുസ്‌ലിം രാജ്യങ്ങളിലെയും മറ്റു രാജ്യങ്ങളിലെയും മുസ്‌ലിംകൾക്കു മുഴുവൻ ബാധകമാണിത്. ഈ പലിശ പൊതുവായ ക്ഷേമപ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണം.

പള്ളിനിർമാണം മുസ്‌ലിംകളുടെ ബാധ്യതയാണ്. അതിനു വേണ്ടി അവർ സ്വന്തം പണം തന്നെ ചെലവഴിക്കണം. പള്ളിനിർമാണത്തിന് പലിശപ്പണം നൽകുന്നത് അനുവദനീയമാണെങ്കിലും അഭിലഷണീയമല്ല. കാരണം പലിശ നികൃഷ്ടമാണ്. പള്ളിനിർമാണത്തിന് അത് ഉപയോഗിക്കുകയാണെങ്കിൽ നമസ്കാര ഹാളിന്റേതല്ലാത്ത മറ്റു നിർമാണ പ്രവർത്തനങ്ങൾക്കേ അത് ഉപയോഗിക്കാവൂ എന്ന് പറയുന്ന പണ്ഡിതന്മാരുണ്ട്.

പലിശ പാവപ്പെട്ടവർക്ക് നൽകുകയും പള്ളി ശുദ്ധമായ പണം കൊണ്ട് മാത്രം നിർമിക്കുകയും ചെയ്യണമെന്നാണ് എന്റെ വീക്ഷണം. നിഷിദ്ധമായ ധനം പള്ളിയോടടുപ്പിക്കാതിരിക്കലാണ് ഏറ്റവും ഉത്തമം. പലിശപ്പണം സാധുക്കൾക്കും അത്യാവശ്യക്കാർക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമാണ് നൽകേണ്ടത്. ■

(*ഇസ്‌ലാം ഓൺലൈനിൽ*നിന്ന്)